

TUESDAY 26/08/2025 ചൊവ്വാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development & Farmer's Welfare Department**

**Government of Kerala**

**Chief Editor: SINDHU. KS** **Editor: Dr. V. Krishnadas**

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 26/08/2025

1. സമഗ്ര പച്ചക്കറി ഉൽപ്പാദന യജ്ഞം 2025-26 ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതിയുടെ ഭാഗമായി ഗവണ്മെന്റ് സെക്രട്ടേറിയേറ്റ് ഗാർഡനിൽ നടത്തുന്ന പച്ചക്കറി കൃഷിയുടെ വിളവെട്ടുപ്പ് ഉദ്ഘാടനം 27.08.2025 ന ബുധനാഴ്ച രാവിലെ മന്ത്രിസഭാ യോഗത്തിന് ശേഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രി പിണറായി വിജയൻ നിർവ്വഹിക്കുന്നതാണ്.

2. കേരള കാർഷിക സർവകലാശാല , കൃഷി വകുപ്പുമായി ചേർന്നു നടപ്പിലാക്കി വരുന്ന ബ്ലോക്ക്തല കാർഷിക വിജ്ഞാന കേന്ദ്രം (BLAKC) പദ്ധതിയിൽ 2025 ആഗസ്റ്റ് 26 ന്, (കൊല്ലവർഷം 1201, ചിങ്ങം 10, അത്തം) സംസ്ഥാനതലത്തിൽ 'കാർഷിക സാങ്കേതിക വിദ്യാദിനം ആചരിക്കുകയാണ്. തിരുവനന്തപുരം തൈക്കാട് സർക്കാർ ഗസ്റ്റ് ഹൗസിൽ വച്ച് അന്നേ ദിവസം രാവിലെ 11.30 മണിക്ക് നടക്കുന്ന സംസ്ഥാനതല ഉദ്ഘാടനം കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് മന്ത്രി പി. പ്രസാദ് നിർവഹിക്കും. കേരള കാർഷിക സർവകലാശാല വൈസ് ചാൻസലറും കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി & എ.പി.സി. യുമായ ഡോ. ബി. അശോക് IAS, സംസ്ഥാന

പ്ലാനിംഗ് ബോർഡ് അംഗം ഡോ. ജിജു പി. അലക്സ്, കൃഷി വകുപ്പ് ഡയറക്ടർ ഡോ. ശ്രീറാം വെങ്കിട്ടരാമൻ IAS, സംസ്ഥാന പ്ലാനിംഗ് ബോർഡ് കാർഷിക വിഭാഗം മേധാവി ഡോ. എസ്. എസ്. നാഗേഷ് എന്നിവർ ഉത്ഘാടന ചടങ്ങിൽ പങ്കെടുക്കും. കേരളത്തിന്റെ 14 ജില്ലകളിലെ 152 വികസന ബ്ലോക്കുകളിലായി സർവ്വകലാശാലയുടെ നോഡൽ ഓഫീസർമാരുടെ നേതൃത്വത്തിൽ നൂതന കാർഷികസാങ്കേതിക വിദ്യകളുടെ പ്രായോക്തതാക്കളായും പ്രചാരകരായും മികച്ച സംഭാവനകൾ നൽകിയ കർഷകരെ ആദരിക്കുന്ന ചടങ്ങുകളും ഫീൽഡ് ദിനാഘോഷങ്ങളും കാർഷിക സെമിനാറുകളും പരിപാടിയുടെ ഭാഗമായി നടപ്പിലാക്കുന്നതാണ്. ജനപ്രതിനിധികൾ, സാമൂഹ്യ സാംസ്കാരിക പ്രമുഖർ, കാർഷിക വിദഗ്ധർ തുടങ്ങിയവർ വിവിധ കേന്ദ്രങ്ങളിലായി കർഷകർക്കൊപ്പം പങ്കെടുക്കും.

3. സപ്ലൈകോയുടെ നെല്ല് സംഭരണ പദ്ധതി 2025-26 ഒന്നാംവിള സീസണിലെ ഓൺ ലൈൻ കർഷക രജിസ്ട്രേഷൻ നാളെ മുതൽ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ആരംഭിക്കും. ഇതുമായി ബന്ധപ്പെട്ട വിശദാംശങ്ങൾക്കും കർഷക രജിസ്ട്രേഷനും www.supplycopaddy. in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

4. വ്യവസായമന്ത്രി പി രാജീവിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന 'കളമശേരി കാർഷികോത്സവം' ഇന്ന് കളമശ്ശേരി ചാക്കോളാസ് ഗ്രൗണ്ടിൽ സിനിമ നടൻ പൃഥിരാജ് ഉദ്ഘാടനം ചെയ്യുന്നതോടുകൂടി ആരംഭിക്കും . 132 സ്റ്റാളുകളിലായി നടക്കുന്ന മേളയിൽ കൃഷിക്കൊപ്പം കളമശ്ശേരി എന്ന പദ്ധതിയുടെ ഭാഗമായി മണ്ഡലത്തിൽ തുടക്കം കുറിച്ച കൃഷിയിൽ നിന്നുള്ള ഉല്പന്നങ്ങൾ വില്പനയ്ക്കെത്തും. സെപ്റ്റംബർ 2 വരെ നീണ്ടു നിൽക്കുന്ന കാർഷികോത്സവത്തിൽ സ്പീക്കർ എ എം ഷംസീർ, മന്ത്രിമാർ, ഇതര ജനപ്രതിനിധികൾ എന്നിവർ വിവിധ ദിവസങ്ങളിലായി പങ്കെടുക്കും.

5. മൃഗസംരക്ഷണ വകുപ്പ് ഡിജിറ്റൽ ഹെൽത്ത് മാനേജ്മെൻറ്റ് സിസ്റ്റമായ e- സമൃദ്ധ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം 30/08/2025 ന് പത്തനംതിട്ട ജില്ലയിലെ അടൂർ, ഓൾ സെയിന്റ്സ് പബ്ലിക് സ്കൂൾ & ജൂനിയർ കോളേജ് ആഡിറ്റോറിയത്തിൽ വെച്ച് മൃഗസംരക്ഷണ വകുപ്പ് മന്ത്രി. ജെ.ചിഞ്ചുറാണി നിർവ്വഹിക്കുന്നതാണ്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പ്രസ്തുത ചടങ്ങിൽ കേരള നിയമസഭ ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ, ആരോഗ്യ വകുപ്പ് മന്ത്രി വീണ ജോർജ്ജ്, എം എൽ എമാർ, വിവിധ കക്ഷി രാഷ്ട്രീയ പൊതുപ്രവർത്തകർ, കർഷകർ എന്നിവർ പങ്കെടുക്കുന്നു.

6. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള വിവിധ കോളേജുകളിൽ 2025-26 അദ്ധ്യയന വർഷത്തെ വിവിധ പി.ജി/പി.എച്ച്.ഡി പ്രോഗ്രാമുകളിലേക്കുള്ള പ്രവേശനത്തിനായി വിജ്ഞാപനം പുറപ്പെടുവിച്ചു. യോഗ്യത, അപേക്ഷാ ഫീസ് എന്നിവയടക്കമുള്ള വിശദമായ പ്രോസ്പെക്ടസ് ഡൗൺലോഡ് ചെയ്യുന്നതിനും ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനും കേരള കാർഷിക സർവകലാശാലയുടെ www.admissions.kau.in എന്ന വെബ് സൈറ്റ് സന്ദർശിക്കുക. അപേക്ഷകൾ ലഭിക്കേണ്ട അവസാന തീയ്യതി 21.09.2025. ഫോൺ : 0487 2438139.

**പരിശീലന പരിപാടി**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

7. ക്ഷീരവികസന വകുപ്പിന്റെ കീഴിലുള്ള ഓച്ചിറ ക്ഷീരോൽപന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രത്തിൽ വച്ച് 09.09.2025 മുതൽ 20.09.2025 വരെ 10 ദിവസങ്ങളിലായി "ക്ഷീരോൽപന്ന നിർമ്മാണ പരിശീലന" പരിപാടി സംഘടിപ്പിച്ചിരിക്കുന്നു. താൽപര്യമുള്ള ക്ഷീരകർഷകർക്കും സംരംഭകർക്കും ഓച്ചിറ ക്ഷീരപരിശീലന കേന്ദ്രം മുഖേന നേരിട്ടോ ആലപ്പുഴ, കൊല്ലം ഡെപ്യൂട്ടി ഡയറക്ടർമാർ മുഖാന്തിരമോ, അതാത് ബ്ലോക്ക് ക്ഷീരവികസന ഓഫീസർമാർ മുഖാന്തിരമോ രജിസ്റ്റർ ചെയ്യാവുന്നതാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 25 പേർക്കായി പരിശീലനം പരിമിതപ്പെടുത്തിയിരിക്കുന്നു. രജിസ്ട്രേഷൻ ഫീസ് 135/ രൂപ പരിശീലനാർത്ഥികൾ 08.09.2025-ന് വൈകുന്നരം 5 മണിക്ക് മുമ്പായി 8089391209, 0476 – 2698550 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ ഏതെങ്കിലും തിരിച്ചറിയൽ രേഖയുടെ പകർപ്പ് പരിശീലനത്തിനെത്തുമ്പോൾ ഹാജരാക്കേണ്ടതാണ്.

8. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) ഉണക്ക റബ്ബറിൽനിന്നുള്ള

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഉത്പന്നനിർമാണത്തിൽ അഞ്ചു ദിവസത്തെ പരിശീലനം നൽകുന്നു. മോൾഡഡ്, എക്സ്ട്രൂഡഡ്, കാലെൻഡേർഡ് ഉത്പന്നങ്ങളുടെ നിർമാണം; റബ്ബർകോമ്പൗണ്ടിങ്; പ്രോസസ്സ് കൺട്രോൾ, വൾക്കനൈസേറ്റ് പരിശോധനകൾ; എം.എസ്.എം.ഇ. (മൈക്രോ, സ്മോൾ & മീഡിയം എന്റർപ്രൈസസ്) പദ്ധതികൾ തുടങ്ങിയവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പരിശീലനം സെപ്റ്റംബർ 15 മുതൽ 19 വരെയുള്ള തീയതികളിൽ നടത്തും. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് 0481 2353127 എന്ന ഫോൺ നമ്പരിലോ 04812353201 എന്ന വാട്ട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടാം. ഇ മെയിൽ – training@rubberboard.org.in

9. കേരള സർക്കാർ സ്ഥാപനമായ കോഴിക്കോട് ക്ഷീരപരിശീലന കേന്ദ്രം കോമ്പൌണ്ടില് മുറിച്ച് സൂക്ഷിച്ചിട്ടുള്ള ആഞ്ഞിലിമരം പരസ്യമായി ലേലം കൈക്കൊള്ളുന്നതിന് നിബന്ധനകൾക്ക് വിധേയമായി GST അക്കൌണ്ട് നമ്പർ ഉള്ള വ്യക്തി/സ്ഥാപനങ്ങളെ ക്ഷണിച്ചു കൊള്ളുന്നു. ലേല തീയതി 26/08/2025 ന് ഉച്ചക്ക് 12 മണിക്ക് . ലേലത്തിൽ പങ്കെടുക്കുന്നവർ നിരതദ്രവ്യമായി 5000/-രൂപ ആയി

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

26/08/2025ന് രാവിലെ 11.30ന് മുൻപായി ഓഫീസിൽ കെട്ടിവെയ്ക്കേണ്ടതും ലേലം ഉറപ്പിച്ച് കിട്ടുന്ന വ്യക്തി അന്നേ ദിവസം തന്നെ നിരതദ്രവ്യമായി ഒടുക്കിയ 5000/-രൂപ PRINCIPAL, DAIRY TRAINING CENTRE, BEYPORE NORTH, NADUVATTAM, KOZHIKODE എന്ന വിലാസത്തിൽ DD ആയി നൽകേണ്ടതുമാണ്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 0495 2414579, മെയിൽ dd-dtc-kkd.dairy@kerala.gov.in

**കാർഷിക_നിർദേശം**

1. തക്കാളിയിലെ ബാക്ടീരിയൽ വാട്ടം തടയാൻ വിത്ത് സംസ്കരണം, തൈകൾ മുക്കിവയ്ക്കൽ, സ്യൂഡോമോണസ് ഫ്ലൂറസെൻസ് (20 ഗ്രാം / ലിറ്റർ വെള്ളം) ഉപയോഗിച്ച് മണ്ണ് കുതിർക്കുകയും ചെയ്യുന്നത് ഫലപ്രദമാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം